# ഗൃഹപാഠങ്ങൾ

1. ദിവസവും ചുരുങ്ങിയത് അഞ്ച് മിനിറ്റെങ്കിലും മുസ്ഹഫ് നോക്കി ഖുർആൻ പാരായണം നടത്തുക.
2. നടത്തത്തിലോ മറ്റു സാധാരണ പ്രവൃത്തി സമയങ്ങളിലോ ചുരുങ്ങിയത് അഞ്ച് മിനിറ്റെങ്കിലും ഓർമ്മയിൽനിന്ന് ഖുർആൻ പാരായണം ശീലമാക്കുക.
3. ചുരുങ്ങിയത് അഞ്ച് മിനിറ്റ് പാഠഭാഗത്തോടൊപ്പം ലഭിക്കുന്ന നോട്ടിൽ നിന്ന് പദാനുപദ തർജജമ പഠിക്കുക.
4. പദാവലികുറിപ്പ് നിങ്ങളുടെ പോക്കറ്റിലോ പഴ്സിലോ കരുതിവെക്കുക; ഇടവേളകളിൽ മുപ്പത് സെക്കന്റുവീതം അത് നോക്കിപ്പഠിക്കുക.
5. സാധ്യമെങ്കിൽ കോഴ്സിന്റെ പ്രധാന ഭാഗങ്ങൾ (പദാനുപദ തർജജമ ഉൾപ്പെടെ) സ്വയം ഓഡിയോ ടേപ്പിൽ പകർത്തി ശ്രദ്ധിക്കുക.
6. സംഘമായി പഠിക്കുകയാണെങ്കിൽ ദിവസേന ഒരു മിനിറ്റെങ്കിലും സഹപാഠികളുമായി പാഠഭാഗം ചർച്ചചെയ്യുക.
7. ഖുർആനിലെ ഒടുവിലെ അദ്ധ്യായങ്ങൾ കുറേശ്ശെ ഹൃദിസ്ഥമാക്കുക; നിർബന്ധ നമസ്കാരങ്ങളിലും സുന്നത്തുനമസ്കാരങ്ങളുലും അവ ക്രമമായി മാറിമാറി പാരായണം ചെയ്യുക.

**പ്രാർഥന പതിവാക്കുക.**

- **i.** ഓരോരുത്തരും പ്രാർഥിക്കുക: رَبِّ زِدْنِي عِلْمًا (നാഥാ എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ).
- **ii.** ഖുർആനിനോടുള്ള ബാധ്യത നിറവേറ്റാൻ നമുക്കെല്ലാം സാധിക്കേണമേയെന്ന് എല്ലാർക്കുവേണ്ടിയും പ്രാർഥിക്കുക.

## യൂനിറ്റ് – 01

1,295 പ്രാവശ്യം ഖുർആനിൽ ആവർത്തിച്ചിട്ടുള്ള ആറു സ്വതന്ത്ര സർവ്വ നാമങ്ങൾ

| സ്വതന്ത്ര സർവ്വനാമങ്ങൾ | | നമ്പർ | പുരുഷൻ |
|---|---|---|---|
| അവൻ | هُوَ | ഏ.വ | 3rd |
| അവർ | هُمْ | ബ.വ | |
| നീ | أَنْتَ | ഏ.വ | 2nd |
| നിങ്ങൾ | أَنْتُمْ | ബ.വ | |
| ഞാൻ | أَنَا | ഏ.വ | 1st |
| ഞങ്ങൾ | نَحْنُ | ബ.വ | |

***കുറിപ്പ്:*** ***1st*** – ഉത്തമപുരുഷൻ, ***2nd*** – മദ്ധ്യമ പുരുഷൻ, ***3rd*** – പ്രഥമ പുരുഷൻ.